പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 983      07/02/2013-ൽ മറുപടിക്ക്

# ആദിവാസി സർവ്വേ

ചോദ്യം      മറുപടി

ശ്രീ.മുല്ലക്കര രത്നാകരൻ :
ശ്രീ. കെ.അജിത്
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ. വി.ശശി

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂമിയും വീടും ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട്; | (എ) | 2010-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 10517 ഭൂരഹിത ആദിവാസി കുടുംബങ്ങളും ഭവനരഹിതരായ 20821 പേരും ഉണ്ട്. |
| (ബി) | ഭൂമിയുണ്ടായിട്ടും വീടില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂമിയുണ്ടായിട്ടും വീടില്ലാത്ത 7886 ആദിവാസി കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ട്. |
| (സി) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആദിവാസികളെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർവ്വേ പ്രകാരം സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്നും അവയിലെല്ലാം കൂടി എത്ര | (സി) | 15/04/2008-ലെ ജി.ഒ. (എം.എസ്) 112/08/തസ്വഭവ നം സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമായി സർവ്വേ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | ആദിവാസികളുണ്ടെന്നും വെളിപ്പെടുത്തുമോ; | | പ്രസ്തുത സർവ്വേയുടെ നോഡൽ ഏജൻസി ആയിരുന്നു. ടി സർവ്വേ പ്രകാരം സംസ്ഥാനത്ത് 107965 ആദിവാസി കുടുംബങ്ങളും 426208 ആദിവാസികളും ഉണ്ട്. |
| (ഡി) | സർവ്വേ റിപ്പോർട്ടിലെ മറ്റ് വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | സർവ്വേ റിപ്പോർട്ടിലെ മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജനസംഖ്യ<br>2. ഊരുകൾ<br>3. വിദ്യാഭ്യാസം<br>4. തൊഴിലും, വരുമാനവും<br>5. ആരോഗ്യം<br>6. അടിസ്ഥാന സൗകര്യങ്ങൾ<br>7. കൈവശ ഭൂമി<br>8. വനവുമായുള്ള ആഭിമുഖ്യം<br>9. സാമൂഹ്യ സുരക്ഷ<br>10.സാമൂഹ്യ വികാസം. |

സെക്ഷൻ ഓഫീസർ